# Deepika
# 13 August 2018
# Kochi, After Flood, Free Food Kits



കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കമ്മട്ടിപ്പാടം, ഉദയാകോളനി നിവാസികൾക്കായുള്ള വൈഎംസിഎയുടെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം കെ.വി.തോമസ് എംപി ഉദ്ഘാടനം ചെയ്യുന്നു. ഡോ. മേരി അനിത, ലെനിത അന്നമ്മ ജോസഫ്, ദിയ എന്നിവർ സമീപം.

## സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു

**കൊച്ചി:** കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കമ്മട്ടിപ്പാടം, ഉദയാകോളനി നിവാസികൾക്കായി വൈഎംസിഎ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. കെ.വി.തോമസ് എംപി ഉദ്ഘാടനം ചെയ്തു. വൈഎംസിഎ പ്രസിഡന്റ് ലെനിത അന്നമ്മ ജോസഫ് അധ്യക്ഷത വഹിച്ചു. വൈഎംസിഎ അംഗമായ നീത തമ്പി, അസിസ്റ്റന്റ് കളക്ടർ പാട്ടീൽ പ്രഞ്ജാൾ ലാഗെൻ സിംഗ്, ഡോ. മേരി അനിത എന്നിവർ പ്രസംഗിച്ചു. വൈഎംസിഎയുടെ നേതൃത്വത്തിൽ 260 കുടുംബങ്ങൾക്കാണ് സൗജന്യ കിറ്റ് വിതരണം ചെയ്തത്.